# മഹാത്മാഗാന്ധിദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള

# തിരുവനന്തപുരം ജില്ല

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**ബ്ലോക്ക് - പാറശാല**

**ഗ്രാമപഞ്ചായത്ത്- പാറശ്ശാല**

**വാർഡ് - പരശുവയ്ക്കൽ (5)**

തീയതി **- 20/10/2019**

സമയം **- 4:20 pm**

സ്ഥലം - **മലഞ്ചുറ്റ് അംഗനവാടി**

# ആമുഖം

**ഇ**ന്ത്യയിലെ ദരിദ്രരായ ഗ്രാമീണജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിതം സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനു വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണജനത ബുദ്ധിമുട്ടുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പുവരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് നിശ്ചിത കാലയളവിനുള്ളിൽ തൊഴിൽ ലഭിക്കുന്നു എന്നും അതിന് നിർമ്മിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ഓഗസ്റ്റ് 23 ആം തീയതി യാണ് പാർലമെന്റ്റ് ഈ നിയമം പാസാക്കുന്നത്.

തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായ ലഭിക്കുന്നതിനുള്ള അവകാശം പരമാവധി ഉറപ്പുവരുത്തുന്നു എന്നാണ് ഈ നിയമത്തിലെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം തൊഴിൽ എടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയും ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു..

തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനം അർഹതയുണ്ടായിരിക്കും. അതുപോലെ ചെയ്ത തൊഴിൽ വേതനം 14 ദിവസത്തിൽ കൂടുതൽ വൈകിയാൽ വൈകുന്ന ഓരോ ദിവസവും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് തൊഴിലോ തൊഴിലില്ലായ്മ വേതനം ഉറപ്പായും ഉറപ്പു വരുത്തണം എന്നാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കം ആയ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി രണ്ടാം തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും പാലക്കാടും 200 ജില്ലകളിൽ ഉൾപ്പെട്ടിരിക്കുന്നു. 2007 മെയ് 15ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ന് ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ഇത്രയും ദൂരം ഉണ്ട് ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശ അധിഷ്ഠിത തൊഴിൽ നിയമ ശ്രദ്ധയാകർഷിച്ച ഒരു അവകാശ അധിഷ്ഠിത തൊഴിൽ നിയമന എന്ന നിലയിലും ഗ്രാമീണമേഖലയിൽ ദാരിദ്ര ലഘൂകരണ ത്തിൽ നിർണായകമായ വഴിത്തിരിവ് സൃഷ്ടിച്ച പദ്ധതി എന്ന കാര്യം പരിഗണിച്ചു 2009 ഒക്ടോബർ രണ്ടാം തീയതി കേന്ദ്രസർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് പുനർനാമകരണം ചെയ്തു.

**തിരുവനന്തപുരം ജില്ല**

കേരളത്തിന്റെ തെക്കേ അറ്റത്തുള്ളതും സംസ്ഥാനത്തിന്റെ തലസ്ഥാന നഗരം ഉൾക്കൊള്ളുന്നതുമായജില്ല. ഭാരതത്തിന്റെ തെക്കേ അറ്റമായ കന്യാകുമാരി തിരുവനന്തപുരം ജില്ലയുടെ അതിരായ പാറശാലയിൽ നിന്നും 56 കിലോമീറ്റർ അകലെയായി സ്ഥിതി ചെയ്യുന്നു

**പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്**

തമിഴ്നാടിന്റെ അതിർത്തിയും കേരളത്തിൻറെ തെക്കേ അറ്റവുമായ ബ്ലോക്ക് പഞ്ചായത്താണ് പാറശാല ബ്ലോക്ക് പഞ്ചായത്ത്. തമിഴ്, മലയാളം എന്നീ ഭാഷകളുടെ സംഗമ സ്ഥാനം കൂടി ആയതിനാൽ ജനങ്ങൾക്ക് കലയോടും സംസ്കാരത്തോടും നല്ല മതിപ്പുണ്ട്. പരമ്പരാഗത കുടിൽ വ്യവസായമായ കരിപ്പട്ടി നിർമാണത്തിൽ തുടങ്ങി ആധുനിക വ്യവസായ സംരംഭങ്ങൾ വരെ ഇവരുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. ഭൂരിഭാഗം ആളുകളും ദ്വിഭാഷികളാണ്.

പാറശ്ശാല ബ്ലോക്ക് പരിധിയിൽ ചെങ്കൽ, കാരോട്, കുളത്തൂർ, പൂവാർ, തിരുപുറം, പാറശ്ശാല എന്നിങ്ങനെ ആറ് പഞ്ചായത്തുകളാണ് ഉള്ളത്.

## പാറശ്ശാല പഞ്ചായത്ത്

പാറശ്ശാല വില്ലേജ്. യൂണിയന് ആയിരുന്നു. സർക്കാർ നോമിനേറ്റ് ചെയ്യുന്നവരായിരുന്നു അംഗങ്ങൾ. 1952 ൽ പഞ്ചായത്ത് ആക്ട് നിലവിൽ വന്നതോടെ വല്ലേജ് യൂണിയൻ പഞ്ചായത്തായിമാറി. 1953 ൽ ജനാധിപത്യരീതിയിൽ നടന്ന തെരഞ്ഞെടുപ്പിൽ എസ്. സെൽവനായകം പ്രസിഡന്റ് ആയി.

ഇവിടുത്തെ ജനങ്ങളിൽ ഭൂരിവിഭാഗം സാക്ഷരർ ആണ്. ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം കൃഷിയാണ്.

### അടിസ്ഥാന വിവരങ്ങൾ

വില്ലേജ് - പാറശ്ശാല

താലൂക്ക് - നെയ്യാറ്റിൻകര

വിസ്തീർണ്ണം - 20.02 ച സെ മി

വാർഡുകളുടെ എണ്ണം - 23

### അതിരുകൾ

കിഴക്ക് - കന്യാകുമാരി ഡിസ്ട്രിക്ട്

പടിഞ്ഞാറ് - ചെങ്കൽ പഞ്ചായത്ത്

തെക്ക് - അറബിക്കടൽ

വടക്ക് - പെരുങ്കടവിള ബ്ലോക്ക്

## പരശുവയ്ക്കൽ വാർഡ്

വയലേലകളും തോടുകളും ചെറുകുളങ്ങളും കൊണ്ട് പ്രകൃതി രമണീയമാണ് പരശുവയ്ക്കൽ വാർഡ്. കൃഷിക്കാണ് ഇവിടത്തെ ജനത ഊന്നൽ നൽകുന്നത്. ജനങ്ങളുടെ ഉപജീവന മാർഗവും കൃഷിതന്നെയാണ്.

## അതിരുകൾ

തെക്ക് -  ആടുമാങ്കാട്

വടക്ക് - പുല്ലൂർകൊണം

കിഴക്ക്  - ആലമ്പാറ (തമിഴ്നാട് ഡിസ്ട്രിക്ട്)

പടിഞ്ഞാറ്  - പൊന്നംകുളം

ജനസംഖ്യ  -3200

വീടുകൾ  - 575

കുടുംബശ്രീ യൂണിറ്റുകൾ  - 18

പൊതു കുളങ്ങൾ - 5

നീർച്ചാലുകൾ  -1

തോടുകൾ - 6

അംഗനവാടികൾ  -3

തൊഴിൽ കാർഡ് ഉടമകളുടെ എണ്ണം - 346

സജീവതൊഴിലാളികളുടെ എണ്ണം - 150

**രീതിശാസ്ത്രം**

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുമായി ബന്ധപ്പെട്ടു , കേരള, തിരുവനന്തപുരം ജില്ല- പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സനിന്റെ സഹായറ്റോടെ വില്ലേജ് റിസോഴ്സ് പഴ്സണൽസ് ആണ് തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിലെ പാറശ്ശാല ഗ്രാമ പഞ്ചായത്ത് വാർഡ് 5 ൽ (പരശുവയ്ക്കൽ ) സോഷ്യൽ ഓഡിറ്റ് പ്രക്രിയ നടത്തിയത്.

ആദ്യഘട്ടം:
പഞ്ചായത്ത് സെക്രട്ടറി, പ്രസിഡണ്ട്, വാർഡ് മെമ്പർ, എൻ ആർ ഇ ജി എസ് സ്റ്റാഫ് എന്നിവരുമായി പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സൺ വാർഡ് 5ൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച.

രണ്ടാം ഘട്ടം:
2018 ഒക്ടോബർ മാസംഒന്നാം തിയതി മുതല് 2019 മാർച്ച് മാസം വരെ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ, എം ഐ എസ് എന്നിവ പരിശോധിക്കൽ.

മൂന്നാം ഘട്ടം:
പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിടങ്ങൾ പരിശോധിക്കൽ, ചെയ്ത പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കൽ

നാലാം ഘട്ടം:
ഗുണഭോക്താക്കളോട് പ്രവൃത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും, സജീവ തൊഴിലാളികളെകണ്ട് തൊഴിൽകാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും.

അഞ്ചാം ഘട്ടം:
ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ്

**സോഷ്യൽ ഓഡിറ്റ്**

മറ്റു പദ്ധതിയിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റ് ആണ്. തൊഴിലുറപ്പ് നിയമം 17( 2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ നടത്തണമെന്ന് സുതാര്യത ഉറപ്പു വരുത്തണമെന്നും അനുശാസിക്കുന്നു. സോഷ്യൽ ഓഡിറ്റിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക, രജിസ്റ്ററുകളും റെക്കോർഡുകളും ലഭ്യമാക്കുക, എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ ആണ്.

ഗ്രാമസഭകൾ ആണ് സോഷ്യൽ ഓഡിറ്റ് വേദികൾ ഗ്രാമസഭ ആറുമാസത്തിലൊരിക്കൽ നിർബന്ധമായും സോഷ്യൽ ഓഡിറ്റ് നടത്തിയിരിക്കണം. സംസ്ഥാന സർക്കാർ സോഷ്യൽ ഓഡിറ്റ് നടത്തേണ്ട രീതിയെ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ വിജയം ജനങ്ങളുടെ പങ്കാളിത്തമാണ്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ തീയതി,അജണ്ട, വേദി എന്നിവ നിശ്ചയിച്ച 7 ദിവസം മുൻപ് ജനങ്ങൾക്ക് വിവരം നൽകിയിരിക്കണം. പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം nam,മോണിറ്ററിംഗ്, തുടങ്ങി ചുമതലകൾ ഉള്ള എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സുഗമമായും സുതാര്യമായും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ്( as per GO (Rt) No.3906/2015/LSGD,Dated 30.12.2015) 31.1.2017 നിലവിൽവന്നു. യൂണിറ്റ് ട്രാവൻകൂർ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955 (No.TVM/TC/123/2017)പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്**

1. തൊഴിൽ കാർഡിനുള്ള കുടുംബപേക്ഷകരുടെ രജിസ്റ്റർ
2. ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ
4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ
5. സ്ഥിതി ആസ്തികളുടെ രജിസ്റ്റർ
6. സാധന രജിസ്റ്റർ

7 ഗ്രാമസഭ രജിസ്റ്റർ

## **7 Registers** പരിശോധന വിശദാംശങ്ങൾ

### **1. job card register (**തൊഴിൽ കാർഡിനുള്ള കുടുംബപേക്ഷകരുടെ രജിസ്റ്റർ**)**

346തൊഴിലാളികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നതിൽ 3 തൊഴിലാളികളുടെ ഫോട്ടോ മറ്റ് വിശദാംശങ്ങൾ എന്നിവയുടെ രേഖപ്പെടുത്തൽ ഉണ്ടായിരുന്നില്ല. 6തൊഴിലാളികളുടെ ഫോട്ടോ പതിച്ചിട്ടില്ല.

### **2. Demand register, payment of allocation of work**

**(**ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ**)**

ഓരോ തൊഴിലാളികളും എത്ര ദിവസം ജോലി ചെയ്തു, അവരുടെ വേതനം മസ്റ്ററോൾ നമ്പർ, വർക്ക് കോഡ് എന്നിവ ഉണ്ടായിരുന്നു.

### **3. work register (**തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ **)**

* 80 പ്രവർത്തികളുടെ വിശദ വിവരങ്ങൾ നൽകിയിരുന്നു.

* 2018 -19, 2019- 20 എന്നീ സാമ്പത്തിക വർഷങ്ങളിലെ രേഖപ്പെടുത്തലുകളും തുടർന്നുള്ള രേഖപ്പെടുത്തലുകളും ഉണ്ടായിരുന്നു.

**4. Fixed asset register (.** പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ**)**

31/3/2018 വരെ പൂർത്തീകരിച്ച് പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.

**5.** പരാതി **register**

* 20/4/2018 ൽ രജിസ്റ്റർ ചെയ്ത പരാതി (തമിഴ്നാട്ടിൽ ഫാം പോണ്ട് നിർമ്മിച്ചതിന് AE/ ഓവർ സീനിയർ എന്നിവർക്കെതിരെ)

* 25 /4 /2018 വ്യാജ ഒപ്പ് രേഖപ്പെടുത്തി എന്ന പരാതിയും ഇവരണ്ടും പരിഹരിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു.

* തുടർന്ന് പരാതികൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായി കാണുന്നില്ല.

**6. Material register (.** സാധന രജിസ്റ്റർ **)**

2017 -18 മുതൽ 2019- 20 സാമ്പത്തിക വർഷം വരെയുള്ള പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.

**7. ഗ്രാമസഭ രജിസ്റ്റർ**

14 /2 /2008 മുതലുള്ള ഗ്രാമസഭ മിനിറ്റസുകൾ രേഖപ്പെടുത്തിയിരിക്കുന്നു എന്നാൽ മിനിറ്റസുകൾ പൂർണ്ണം അല്ലായിരുന്നു

.

**കേന്ദ്രസർക്കാരിന്റെ  നിർദ്ദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെ പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്**

1) കവർ  പേജ്

2) ചെക്ക് ലിസ്റ്റ്

3) ആക്ഷൻ പ്ലാൻ /ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി

4) സാങ്കേതികഎസ്റ്റിമേറ്റുംഡിസൈനും അടങ്ങുന്ന സാങ്കേതികഅനുമതിയുടെകോപ്പി

5) ഭരണാനുമതിയുടെ കോപ്പി

6) സങ്കേതികാനുമതിയുടെ കോപ്പി

7) സംയോജിത പദ്ധതി വിശദാംശങ്ങൾ

8) തൊഴിലാളികൾ  തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ

9) തൊഴിൽ  അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി

10) പൂരിപ്പിച്ച മാസ്ട്രോളിന്റെ  കോപ്പി

11) മെഷർമെൻറ് ബുക്കിനെ  കോപ്പി

12) സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വാട്ടേഷൻ ക്ഷണിച്ചതിന്റെയും
കംപാരിറ്റീവ്  സ്റ്റേറ്റ്മെൻറന്റിയും മെറ്റീരിയൽ സപ്ലൈ ഓർഡർന്റെയും  കോപ്പി

13) വേജ് ലിസ്റ്റ്

14) വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റെയും FTO യുടെയും കോപ്പി.

15) മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി

16) റോയലിറ്റി അടച്ചതിന്റെ  രസീതിന്റെ കോപ്പി

17) തൊഴിലിന്റെ മൂന്ന് ഘട്ടങ്ങളിലുള്ള ഫോട്ടോകൾ

18) പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ  കോപ്പി

19) മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

20) ആസ്തിയുടെ ജിയോ ടാഗ്ഡ് ഫോട്ടോകൾ

21) സോഷ്യൽ  ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

22) സൈറ്റ്  ഡയറി

# വാർഡിൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ

**ലൈഫ് ഭവന നിർമ്മാണ പദ്ധതികൾ**

1.വിജയറാണി WC/413241

2.മെർലിൻ ഷീജ WC/413197

3.ഷീബ WC/371368

4.നളിനി WC/371349

5.സുഗന്ധി WC/371359

6.റീന WC/413239

7. അന്നതായി Wc/378510

8. ഷിജി Wc/371357

9. സുനിത Wc/ 371355

**ഫയൽ പരിശോധന വിശദാംശങ്ങൾ**

* നിയമപ്രകാരം ഫയലിൽ ഉൾക്കൊള്ളേണ്ടതായ രേഖകൾ ഉണ്ടായിരുന്നില്ല.

* മസ്റ്ററോൾ ,വെയ്റ്റ് ലിസ്റ്റ് എന്നിവ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്

* തൊഴിലാളികളുടെ ആധാർ, കരംതീർത്ത രസീത്, പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഫയൽ ഉൾക്കൊള്ളിച്ചിരിക്കുന്നു

* veo യുടെ സാക്ഷ്യപത്രം ഉണ്ടായിരുന്നു 90 ദിവസം വരെയുള്ള മാസ്റ്ററോളുകൾ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട്.

**ഫീൽഡ്**

* ഫീൽഡ് തല പരിശോധനയിൽ നിർമാണം തുടർന്ന് കൊണ്ടിരിക്കുന്ന വീടുകളാണ് കാണാൻ സാധിച്ചത്

* 3 ഘട്ടങ്ങളിലെ തുക ലഭിച്ചതായി മനസിലാക്കാൻ സാധിച്ചു

1) തരിശു ഭൂമി കൃഷിക്ക് ഉപയുക്തം ആക്കൽ

WC/ 337363

ആരംഭിച്ചത്   : 3 /2/2019

അവസാനിച്ചത്: 18/ 3/2019

ചിലവായ തുക :477800/-

2) മണ്ണ് ജലസംരക്ഷണ പ്രവർത്തികൾ

WC/ 336676

ആരംഭിച്ചത്     :10/1/2019

അവസാനിച്ചത്  :13/3/2019

ചിലവായ തുക   :496000

3) കണ്ണക്കോട് മുതൽ മഞ്ചുറ്റ് വരെ ചാനൽ പുനരുദ്ധാരണം

WC/ 321168

ആരംഭിച്ചത്     : 24/12/2018

അവസാനിച്ചത്   :10/2/2018

എസ്റ്റിമേറ്റ്       :175000/-

4) ഭൂവികസന പ്രവർത്തികൾ

WC/336677

ആരംഭിച്ചത്    :14/1/2019

അവസാനിച്ചത് :12/3/2019

ചിലവായ തുക  :481928/-

5) ഭൂവികസന പ്രവർത്തികൾ

WC/336678

ആരംഭിച്ചത്    :5/1/2019

അവസാനിച്ചത്  :11/3/2019

എസ്റ്റിമേറ്റ്      :496000/-

ചിലവായ തുക  :480950

# പ്രവർത്തിയുടെ വിശദാംശങ്ങളിലേക്ക്

## 1) തരിശു ഭൂമി ഉപയുക്തം ആക്കൽ

## WC/337363



**ഫയൽ**

• കൃത്യമായ സാക്ഷ്യപ്പെടുത്തലുകൾ കവർപേജ് ഉൾപ്പെടെയുള്ള രേഖളിൽ ഉണ്ടായിരുന്നില്ല.

• തൊഴിലിന് ഡിമാൻഡ് ചെയ്ത 60 പേരിൽ 50 പേർ പ്രൊജക്റ്റ് മീറ്റിങ്ങിൽ ഉൾപ്പെട്ടിട്ടുണ്ട്.

• വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് പൂർണ്ണമല്ല.

• സാങ്കേതിക അനുമതി,ഭരണ അനുമതി തുടങ്ങിയ രേഖളിൽ ബന്ധപെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് രേഖ പെടുത്തിയിട്ടില്ല.

• വേജ്‌ലിസ്റ്റ് കൃത്യമാണ്. ജോലി ചെയ്ത ഓരോ തൊഴിലാളികൾക്കും വേതനം നൽകിയതായി സാക്ഷ്യപെടുത്തിയിരിക്കുന്നു.

• സൈറ്റ് ഡയറി ഉണ്ടായിരുന്നു എന്നാൽ ചികിത്സയെ പറ്റിയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

• മസ്റ്ററോൾ കൃത്യമാണ്. 40 ദിവസങ്ങളിലായി 1770 പ്രവർത്തനങ്ങൾ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. .

**ഫീൽഡ്**

• ഫീൽഡ് തല പരിശോധനയിൽ പ്രവർത്തിച്ചിരുന്ന സ്ഥലങ്ങൾ വ്യക്തമായി കാണാൻ കഴിഞ്ഞില്ല.

• മെഷർമെന്റ് ബുക്ക് പ്രകാരം 39 മഴക്കുഴി 131 തെങ്ങിൻകുഴി 16 കമ്പോസ്റ്റ് കുഴി എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

• പ്രസ്തുത പ്രവർത്തിയുടെ കൺവീനർ പ്രവർത്തനങ്ങൾ കാണിച്ചുതരാൻ തയ്യാറാകാതിരിക്കുകയും മറ്റു മേറ്റ്മാർക്ക് പ്രവർത്തി സ്ഥലങ്ങൾ അറിയാത്തതിനാലും പ്രവർത്തി വിലയിരുത്താൻസാധിച്ചില്ല.

• പ്രവർത്തിക്കായി വിനിയോഗിച്ച് തുക ദുരുപയോഗം ചെയ്തതായി കണക്കാക്കുന്നു.

## 2) മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ

## WC/ 33 6676



**ഫയൽ**

• എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു. എന്നാൽ പൂർണമായ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.

• തൊഴിലിന് ഡിമാൻഡ് ചെയ്ത 49 പേരും പ്രോജക്ട് മീറ്റിങ്ങിൽ ഉൾപ്പെട്ടിട്ടുണ്ട്.

• ഫയൽ ക്രമരഹിതമായി സൂക്ഷിച്ചിരിക്കുന്നു. ചെക് ലിസ്റ്റിന് ശേഷം വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇതിൽ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.

• പ്രവർത്തിയുടെ 3 ഘട്ടങ്ങളിലെ ഫോട്ടോ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

• ഡിമാൻഡ് ചെയ്ത 49 പേരും മസ്റ്ററോളിൽ ഉൾപ്പെട്ടിട്ടുണ്ട്. 11 പേർ തുടർച്ചയായി തൊഴിലിന് ഹാജരാകാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

• തൊഴിലിന് അപേക്ഷിച്ചുകൊണ്ട് ഭൂവുടമയുടെ ആധാർ, കരം തീർത്ത രസീത്, അപേക്ഷ എന്നിവയുടെ പകർപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്.

• സൈറ്റ് ഡയറിയിൽ തൊഴിൽ ഉപകരണങ്ങളുടെ തുകയും രേഖപ്പെടുത്തിയിരിക്കുന്നു.

• സന്ദർശക കുറിപ്പിൽ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

**ഫീൽഡ്**

• മെഷർമെന്റ് ബുക്ക് പ്രകാരം 135 തെങ്ങിന് കുഴി 63 മഴക്കുഴി 13 കമ്പോസ്റ്റ് കുഴികൾ എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു.

• ഫീൽഡ് തല പരിശോധനയിൽ 100 തെങ്ങിൻകുഴി 29 മഴക്കുഴി 7 കമ്പോസ്റ്റ് കുഴി തുടങ്ങിയവ ആണ് കാണാൻ സാധിച്ചത്

• മഴ കുഴികളിൽ കാടുപിടിച്ച അവസ്ഥയാണ് നിലവിൽ കാണാൻ കഴിഞ്ഞത്.

• സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നില്ല.

## 3) ഭൂവികസന പ്രവർത്തികൾ

## WC/336677



### ഫയൽ

•എ എം സി പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നെങ്കിലും  പൂർണമായിരുന്നില്ല

• വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്, മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്, എഫ്. ടി ഒ തുടങ്ങിയ രേഖകൾ ഉണ്ടായിരുന്നു. പക്ഷേ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.

• 48 പേർ ഡിമാൻഡ് ചെയ്തിട്ടുണ്ട്.

• മാസ്റ്ററോള് അച്ചടിച്ച തീയതി 28 /2 /19 എന്നും ജോലി  ആരംഭിച്ചത് 27/ 2 /19 എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നാൽ 27 /2 /19 ന് തൊഴിലാളികൾ ജോലി ചെയ്തിട്ടില്ല എന്ന് മനസിലാക്കാൻ സാധിച്ചു.

•  സൈറ്റ് ഡയറിയിൽ 56 ദിവസങ്ങളിലായി 1766 പ്രവർത്തികൾ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു ചികിത്സയുമായി ബന്ധപ്പെട്ട് യാതൊരു രേഖപ്പെടുത്തലുകളും  ഉണ്ടായിരുന്നില്ല.

• 4പേരുടെ കരം തീർത്ത രസീത് പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിരുന്നു.

### ഫീൽഡ്

• എം ബുക്ക് പ്രകാരം 58 കമ്പോസ്റ്റ്, കുഴികൾ 334 മഴക്കുഴികൾ, 407 തെങ്ങിൻകുഴികൾ എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു.

• ഫീൽഡ് തല പരിശോധനയിൽ 35 മഴക്കുഴികൾ, 10 കമ്പോസ്റ്റ് കുഴികൾ, 398 തെങ്ങിൻ കുഴികൾ എന്നിവയാണ് കാണാൻ സാധിച്ചത്.

•  സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് ഉണ്ടായിരുന്നില്ല.

• മഴക്കുഴികൾ കമ്പോസ്റ്റ് കുഴികൾ എന്നിവ തിരിച്ചറിയാൻ പറ്റാത്ത വിധം കളകൾ കൊണ്ട് നിറഞ്ഞിരുന്നു.

## 4) ഭൂവികസന പ്രവർത്തികൾ

## W/c 336678



**ഫയൽ**

• എ എം സി പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നെങ്കിലും അപൂർണ്ണം ആയിരുന്നു

• 55 പേരാണ് തൊഴിൽ ആവശ്യപ്പെട്ടതായി രേഖപ്പെടുത്തിയിരിക്കുന്നത് എന്നാൽ എത്ര ദിവസത്തേക്ക് എന്നകാര്യം സൂചിപ്പിച്ചിട്ടില്ല.

• വർക്ക്കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ചെക്ക് ലിസ്റ്റ്, എഫ് ടി ഒ എന്നിവ ഉണ്ടായിരുന്നു.

• എം ബുക്കിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നു. എന്നാൽ ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.

**ഫീൽഡ്**

• എം ബുക്ക് പ്രകാരം 349 മഴക്കുഴികൾ, 46 കമ്പോസ്റ്റ് കുഴികൾ, 445 തെങ്ങിൻ കുഴികൾ എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു.

• ഫീൽഡ് തല പരിശോധനയിൽ 65 മഴകുഴികളും, 12 കമ്പോസ്റ്റ് കുഴികളും, 273 തെങ്ങിൽ കുഴികളും ആണ് കാണാൻ സാധിച്ചത്.

• സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നില്ല.

• പല പ്രദേശത്തും മഴക്കുഴികൾ ഒന്നും തന്നെ തിരിച്ചറിയാൻ പറ്റാത്ത വിധം ചപ്പു ചവറുകളും കളകളും നിറഞ്ഞിരുന്നു.

• 7ഭൂവുടമകളുടെ സ്ഥലമാണ് കണ്ടത്.

## 5) കണ്ണക്കോട് മലഞ്ചുറ്റ് ചാനൽ പുനരുദ്ധാരണം W/c 321168



**ഫയൽ**

• എ. എം. സി പ്രകാരമുള്ള കവർപേജ്, ചെക്ക് ലിസ്റ്റ്, സാങ്കേതികാനുമതി, ഭരണാനുമതി എന്നിവ ഉണ്ടായിരുന്നെങ്കിലും സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.

• ഡിമാൻഡ് ഫോമിൽ 34 പേരാണ് തൊഴിൽ ആവശ്യപ്പെട്ടതായി രേഖപ്പെടുത്തിയിരിക്കുന്നു എന്നാൽ എത്ര ദിവസത്തേക്ക് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

• സൈറ്റ് ഡയറിയിൽ ചികിത്സയുമായി ബന്ധപ്പെട്ട് യാതൊരു രേഖപ്പെടുത്തലും കാണാൻ കഴിഞ്ഞില്ല.

• പ്രവർത്തിയുടെ മൂന്ന് ഘട്ടങ്ങളുടെ ഫോട്ടോ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

• വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു എന്നാൽ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.

**ഫീൽഡ്**

• എം ബുക്ക് പ്രകാരം 900 മീറ്ററിലാണ് പ്രവർത്തി നടപ്പിലാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

• ഫീൽഡ് തല പരിശോധനയിൽ  കന്യാ തോട്ടം മുതൽ മഞ്ജുറ്റു വരെയുള്ള പ്രവർത്തി ആണ് തൊഴിലാളികൾ  ചെയ്തത്  എന്ന് മനസ്സിലാക്കാൻ സാധിച്ചത് . 760 മീറ്ററിലാണ് പ്രവർത്തി നടപ്പിലാക്കിയിരിക്കുന്നത് .

• പായൽ നിറഞ്ഞതാണ് നിലവിൽ ചാനലിന്റെ അവസ്ഥ.

• സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു.

## പൊതുവായ കണ്ടെത്തലുകൾ

1) ഫയൽ സൂക്ഷിച്ചിരിക്കുന്ന രേഖകൾ അപൂർണ്ണമായ രേഖപ്പെടുത്തലുകലോടെ സൂക്ഷിച്ചിരിക്കുന്നു.

2) തൊഴിലാളികളും മേറ്റ് മാരും സ്വന്തമായി പണം മുടക്കിയാണ് ഫോട്ടോകൾ പ്രഥമശുശ്രൂഷ

കിറ്റുകൾ എന്നിവയ്ക്ക് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നത് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു.

3) വെജ് ലിസ്റ്റ് ക്രമരഹിതമായി ഫയൽ സൂക്ഷിച്ചിരിക്കുന്നു.

4)പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന 7 രജിസ്റ്ററുകൾ ഗ്രാമസഭ രജിസ്റ്റർ ഓരോ വാർഡിലും ആവശ്യമാണ്. എന്നാൽ ഇത്തരത്തിലൊരു രജിസ്റ്ററും ഉണ്ടായിരുന്നില്ല. ( തൊഴിൽ രജിസ്റ്റർ ഒഴികെ)

5) കൃത്യമായ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാത്ത രേഖകൾ എല്ലാ ഫയലുകളിലും ഉണ്ടായിരുന്നു. തൊഴിൽ ചെയ്ത മൂന്ന് ഘട്ടങ്ങളുടെയും ഫോട്ടോകളുണ്ടായിരുന്നു.

6) പരിശോധനയ്ക്ക് വിധേയമായ മെഷർമെന്റ് ബുക്ക് ഒന്നും തന്നെ സർട്ടിഫൈഡ് ചെയ്തിട്ടില്ല.

7) പ്രവർത്തി നടപ്പിലാക്കിയ സ്ഥലങ്ങളിൽ മഴക്കുഴികൾ, ബണ്ടുകൾ എന്നിവ കൃത്യമായി കാണാൻ സാധിച്ചില്ല. അളന്നു തിട്ടപ്പെടുത്താൻ കഴിയാത്തവിധം ഇവയൊക്കെ കാടുകയറിയ അവസ്ഥയായിരുന്നു.

8) അഞ്ചാം വാർഡിലെ ഫയലുകൾ ലഭ്യമാക്കുന്നതിന് കാലതാമസം ഉണ്ടായിരുന്നു.

9) കിണർ നിർമ്മാണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഫീൽഡ് തല പരിശോധനയിൽ മനസ്സിലാക്കാൻ സാധിച്ചു. എന്നാൽ പദ്ധതിയുടെ ഫയലുകൾ പരിശോധനയ്ക്കായി ലഭിച്ചില്ല. ആയതിനാൽ പ്രവർത്തികൾ വിലയിരുത്തുവാൻ സാധിച്ചില്ല

10)എസ്റ്റിമേറ്റ് ജനകീയ ഭാഷയിലല്ല.

# നിർദ്ദേശങ്ങൾ

*  ഫയലിലെ രേഖകൾ സാക്ഷ്യപ്പെടുത്തലുകളോടു കൂടിയും പൂർണമായ രേഖപ്പെടുത്തലുകളോട് കൂടിയുംസൂക്ഷിക്കേണ്ടതാണ്.

* തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ സൗകര്യങ്ങൾ ആവശ്യാനുസരണം നൽകേണ്ടതാണ്.

* പ്രവർത്തികൾ മനസ്സിലാക്കി പ്രയോജനമാകും വിധത്തിൽ ഏറ്റെടുക്കേണ്ടതാണ്.

* ഫയലുകളിൽ സൂക്ഷിക്കേണ്ട രേഖകളിൽ യഥാസ്ഥാനങ്ങളിൽ സാക്ഷ്യപ്പെടുത്തലുകൾ ആവശ്യമാണ്.

*  തൊഴിലാളികൾ ഉന്നയിക്കുന്ന പരാതികൾക്ക് സമയബന്ധിതമായി നടപടികൾ ഉണ്ടാകേണ്ടതാണ്.

*  നടപ്പാതകൾ, പാട്ടകൃഷി മുതലായ പ്രവർത്തികൾ വാർഡ് തലത്തിൽ നടപ്പിലാക്കാവുന്നതാണ്.

* ഭൂവികസനം പോലുള്ള പ്രവർത്തികളിലൂടെ ഭൂഉടമയ്ക്ക് പ്രവർത്തിയെ സംബന്ധിക്കുന്ന വ്യക്തമായ ധാരണ നൽകിക്കൊണ്ട് നടപ്പിലാക്കേണ്ടതാണ്.

* പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രവർത്തികൾ നിയമാനുസൃതം കാലയളവിൽ നിലനിൽക്കാൻ ഉതകുന്ന വിധത്തിൽ നടപ്പിലാക്കേണ്ടതാണ്.

* തൊഴിലാളികൾ ചെയ്ത പ്രവൃത്തികളുടെ  ഫയലുകൾ ലഭ്യമാക്കേണ്ടതാണ്

## ഗ്രാമ സഭയിലെ  പരാമർശങ്ങൾ

* മസ്റ്റ് റോളുകൾ ജോലി സ്ഥലത്ത് വച്ച് അല്ല ഒപ്പിടുന്നത്എന്നും  പൊതുസ്ഥലത്ത് വെച്ച് ഒപ്പിടേണ്ടത് ആണ് അറിയിച്ചു

* 100 ദിവസത്തെ തൊഴിൽ ലഭിച്ചവർ കുറവാണ് കാരണം മാസ്ട്രോളുകളിൽ (×) വരുന്നത് കൊണ്ടാണ്

## പ്രത്യേക പരാമർശം

* വാർഡ് മെമ്പർ ഒഴികെ നിർവ്വഹണ ഏജൻസിയിൽ നിന്ന് ആരും തന്നെ ഗ്രാമസഭയ്ക്ക് പങ്കെടുത്തിരുന്നില്ല.

റിപ്പോർട്ട് തയ്യാറാക്കിയത്

BRP അനുശ്രീ

VRP അഞ്ജലി B.S

VRP ആതിര B.S

VRP രതി T.R

VRP ശ്രീജ S.V

VRP സുബിത. S

പാറശ്ശാല പഞ്ചായത്ത്

പാറശ്ശാല ബ്ലോക്ക്